# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

16-12-2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3363

# നെൽകൃഷി ലാഭകരമാക്കാൻ നടപടി

**ചോദ്യം**
ശ്രീ.എം. ഹംസ

**മറുപടി**
ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി നഷ്ടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നെൽ കൃഷി ലാഭകരമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (എ) | ഏറ്റവും കൂടുതൽ ഉൽപ്പാദനചെലവ് വരുന്ന ഒരു വിളയാണ് നെല്ല്. നെൽകൃഷി ലാഭകരമാക്കണമെങ്കിൽ ആയതിന്റെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുക എന്നതാണ് ഏറ്റവും പ്രാധാന്യമേറിയ കാര്യം. ആയത് മുന്നിൽ കണ്ടുകൊണ്ട് നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് കർഷകരുടെ പാടങ്ങൾ ഒരുമിച്ച് ചേർത്ത് പാടശേഖര സമിതികളാക്കി, യന്ത്രവൽക്കരണം, നടീൽ, വിത, വളപ്രയോഗം, മരുന്നുതളി, ജല നിയന്ത്രണം, കൊയ്ത്ത് മറ്റ് പ്രവൃത്തികൾ എല്ലാംതന്നെ തെരഞ്ഞെടുക്കപ്പെട്ട പാടശേഖരസമിതി കൺവീനർ മുഖാന്തിരം ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പിലാക്കുകയും അത്തരത്തിൽ ഉൽപ്പാദനചെലവിന്റെ 30-40% വരെ കുറച്ച് നെൽകൃഷി ലാഭകരമാക്കാൻ സാധിക്കുന്നു. 2015 - 2016 വർഷം ഗ്രൂപ്പ് ഫാമിങ് പദ്ധതി പ്രകാരം 180000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിൽ നെൽകൃഷിക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു എന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ നെൽകൃഷിയ്ക്കായി സംസ്ഥാന സർക്കാർ കൃഷിവകുപ്പ് മുഖേന ആനുകൂല്യം നൽകി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • <u>സുസ്ഥിര നെൽകൃഷി വികസനം.</u><br>നെൽകൃഷി കൂടുതൽ ലാഭകര മാക്കുന്നതിനും ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-2016 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ, (ഒരു ഹെക്ടറിന് 6000/- രൂപ സബ്സിഡി നിരക്കിൽ) നടപ്പിലാക്കി വരുന്നു.<br>• <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്.</u><br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന തിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം.</u><br>ആകെ 6 ജില്ലകളിലായ് പൊക്കാളി ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.<br>• പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം.<br>ഗ്രൂപ്പ് ഫാമിങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>• <u>തരിശുനിലനെൽകൃഷിവികസനം (ആർ.കെ.വി.വൈ)</u><br>തരിശുനിലനെൽകൃഷി നടപ്പിലാ ക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 7500/- രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • (ആർ. കെ.വി.വൈ) പൊക്കാളി നെൽകൃഷി വികസന പദ്ധതി 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്ന തിനായി ഈ സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• സുസ്ഥിര നെൽകൃഷി വികസനം.<br>• വികസന ഏജൻസികൾക്കുള്ള ഫണ്ട്.<br>• പ്രത്യേക നെല്ലിനങ്ങളുടെ കൃഷി യ്ക്കുള്ള പ്രോൽസാഹനം.<br>• പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം.<br>• തരിശുനില നെൽകൃഷിവികസനം (ആർ.കെ.വി.വൈ)<br>• (ആർ. കെ.വി.വൈ) പൊക്കാളി നെൽകൃഷി വികസന പദ്ധതി.<br>• ഹെക്ടറിന് 1000 രൂപ തോതിൽ ഉൽപ്പാദന ബോണസ്. |
| (ഇ) | സംസ്ഥാനത്ത് ആകെ എത്ര ടൺ നെല്ല് ഉല്പാദിപ്പിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | അനുബന്ധം 2 - ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ജില്ല തിരിച്ചുള്ള നെല്ലിന്റെ വിസ്തീർണ്ണം 2013-2014([illegible]) (ഹെക്ടർ)

(ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം)

| നമ്പർ | ജില്ല | 2013-2014 |
|---|---|---|
| 1 | തിരുവനന്തപുരം | 2001 |
| 2 | കൊല്ലം | 1363 |
| 3 | പതനംതിട്ട | 2467 |
| 4 | ആലപ്പുഴ | 37403 |
| 5 | കോട്ടയം | 15746 |
| 6 | ഇടുക്കി | 661 |
| 7 | എറണാകുളം | 4052 |
| 8 | തൃശ്ശൂർ | 22274 |
| 9 | പാലക്കാട് | 82896 |
| 10 | മലപ്പുറം | 7549 |
| 11 | കോഴിക്കോട് | 2433 |
| 12 | വയനാട് | 11481 |
| 13 | കണ്ണൂർ | 5080 |
| 14 | കാസർഗോഡ് | 4205 |
| | ആകെ | 199611 |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## ജില്ല തിരിച്ചുള്ള നെല്ലിന്റെ ഉൽപ്പാദനം 2012-2013 മുതൽ 2014-2015 വരെ ( മെട്രി ടൺ

(ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം)

| | ജില്ല | 2012-2013 | 2013-2014 |
|---|---|---|---|
| 1. | തിരുവനന്തപുരം | 4096 | 5326 |
| 2. | കൊല്ലം | 2928 | 3234 |
| 3. | പതനംതിട്ട | 6041 | 7554 |
| 4. | ആലപ്പുഴ | 104593 | 106866 |
| 5. | കോട്ടയം | 51019 | 50729 |
| 6. | ഇടുക്കി | 3183 | 1796 |
| 7. | എറണാകളം | 8533 | 9056 |
| 8. | തൃശ്ശൂർ | 67569 | 66653 |
| 9. | പാലക്കാട്ട് | 189229 | 238065 |
| 10. | മലപ്പുറം | 15377 | 19709 |
| 11. | കോഴിക്കോട് | 5326 | 3850 |
| 12. | വയനാട് | 28052 | 30755 |
| 13. | കണ്ണൂർ | 14237 | 11293 |
| 14. | കാസർഗോഡ് | 8116 | 9439 |
| 15. | ആകെ | 508299 | 564325 |

സെക്ഷൻ ഓഫീസർ